LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ ആന്റ് ബി) ഉണ്ട്.

(1) ഗവൺമെന്റ് വിമൻസ് കോളേജ്—എം. എ. ബിസിനസ് എക്കണോമിക്സ്.

(2) ഗവൺമെന്റ് കോളേജ് കാര്യവട്ടം—ബി.എസ്.സി. ബയോകെമിസ്ട്രി.

(3) ഗവൺമെന്റ് കോളേജ്, പെരിന്തൽമണ്ണ—എം.എ. അറബിക്.

(സി ആന്റ് ഡി) ' 6 എണ്ണം.

(1) ഗവൺമെന്റ് കോളേജ്, നെടുമങ്ങാട്.

(2) ഗവൺമെന്റ് കോളേജ്, എളേരിത്തട്ട്.

(3) ഗവൺമെന്റ് കോളേജ്, തൃപ്പുണിത്തുറ.

(4) ഗവൺമെന്റ് കോളേജ്, കൽപ്പറ്റ.

(5) ഗവൺമെന്റ് സംസ്കൃത കോളേജ്, തൃപ്പുണിത്തുറ.

(6) ഗവൺമെന്റ് സംസ്കൃത കോളേജ്, തിരുവനന്തപുരം.

സംസ്ഥാനത്തെ വിവിധ ഗവൺമെന്റ് കോളേജുകളിൽ സയൻസ് വിഷയങ്ങളുൾപ്പെടെ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിന് നയപരമായ തീരുമാനമെടുക്കേണ്ടതുണ്ട്.

സ്വാശ്രയ മേഖലയിൽ ബി. എഡ്. കോളേജുകൾ അനുവദിക്കുന്നതിലെ മാനദണ്ഡം

141 [760] ശ്രീ. എം. വി. ജയരാജൻ:

,, എ. കെ. ബാലൻ:

,, മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ മേഖലയിൽ ബി. എഡ്. കോളേജുകൾ അനുവദിക്കുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് നിശ്ചയിച്ചിരിക്കുന്നത് എന്ന് വിശദമാക്കുമോ;

(ബി) ഈ മാനദണ്ഡങ്ങൾ പരിശോധിക്കുന്നതിന് സർക്കാർ കമ്മറ്റിയെ നിശ്ചയിച്ചിരുന്നോ എന്ന് അറിയിക്കുമോ; എങ്കിൽ ഈ കമ്മറ്റിയുടെ റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കുമോ;

(സി) പുതുതായി എത്ര ബി. എഡ്. കോളേജുകൾക്കാണ് സ്വാശ്രയ മേഖലയിൽ അനുവാദം നൽകിയിട്ടുള്ളത് എന്ന് അറിയിക്കുമോ; കമ്മറ്റി ശുപാർശ നൽകിയ കോളേജുകളുടെ ലിസ്റ്റ് ലഭ്യമാക്കുമോ;

(ഡി) മാനദണ്ഡങ്ങൾ പാലിക്കാത്ത ഏതെങ്കിലും സ്ഥാപനം ലിസ്റ്റിൽ കടന്നു കൂടിയതായി പരാതി ലഭിച്ചിട്ടുണ്ടോ; മാനദണ്ഡം പാലിച്ചിട്ടും അനുവാദം കിട്ടിയില്ല എന്ന് ഏതെല്ലാം സ്ഥാപനങ്ങൾ പരാതിപ്പെട്ടിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഹൈക്കോടതി ഉത്തരവിനെ തുടർന്ന് രൂപീകരിച്ച സമിതിക്ക് എൻ.ഒ.സി. നൽകുന്നതിന് അർഹതയുള്ള സ്ഥാപനങ്ങളെ തിരഞ്ഞെടുക്കുന്നതിന് പൂർണ്ണ സ്വാതന്ത്ര്യം നൽകിയാണ് സർക്കാർ ഉത്തരവ് നൽകിയത്. സമിതി താഴെ കാണുന്ന മാനദണ്ഡങ്ങളാണ് സ്വീകരിച്ചത് എന്ന് റിപ്പോർട്ടിൽ വിശദമാക്കിയിട്ടുണ്ട്:

(1)	സ്വന്തമായി കെട്ടിടമുള്ളവർക്ക്.	..	50 മാർക്ക്
(2)	സ്കൂളിന്റെ സ്ഥിരം കെട്ടിടത്തിൽ പ്രത്യേക നില/നിലകൾ മാറ്റി വച്ചവർക്ക്.	..	25 മാർക്ക്
(3)	സെമിപെർമനന്റ് / താൽക്കാലിക കെട്ടിട മുള്ളവർക്ക്.	..	10 മാർക്ക്
(4)	സ്കൂളുകളുടെ സ്ഥിരം കെട്ടിടത്തിൽ മുറികൾ മാത്രം മാറ്റി വച്ചവർക്ക്.	..	5 മാർക്ക്
(5)	വാടകകെട്ടിടമുള്ളവർക്ക്.	..	5 മാർക്ക്
(6)	ലൈബ്രറി/ലാബറട്ടറി എന്നിവക്ക്.	..	5 മാർക്ക്
(7)	കോളേജിനോട് ചേർന്ന് മോഡൽ എച്ച്.എസ്.എസ്. ഉള്ളവർക്ക്.	..	30 മാർക്ക്
(8)	കോളേജിനോട് ചേർന്ന് മോഡൽ എച്ച്.എസ്./ സി.ബി.എസ്.ഇ.എച്ച്.എസ്.എസ്./സി.ബി. എസ്.ഇ.എച്ച്.എസ്. ഉള്ളവർക്ക്.	..	25 മാർക്ക്
(9)	മോഡൽ സ്കൂൾ ഒരു കിലോമീറ്ററിന് ഉള്ളിൽ ഉള്ളവർക്ക്.	..	15 മാർക്ക്
(10)	മോഡൽ സ്കൂൾ മൂന്ന് കിലോമീറ്ററിന് ഉള്ളിൽ ഉള്ളവർക്ക്.	..	5 മാർക്ക്
(11)	മോഡൽ സ്കൂൾ മൂന്ന് കിലോമീറ്ററിന് വെളിയിൽ ഉള്ളവർക്ക്.	..	മാർക്കില്ല
(12)	സ്വന്തമായി 4.25 ഏക്കറോ അതിൽ കൂടുതലോ ഭൂമി ഉള്ളവർക്ക്.	..	10 മാർക്ക്
(13)	സ്വന്തമായി 4.25 ഏക്കറിന് താഴെ ഭൂമി ഉള്ളവർക്ക്.	..	5 മാർക്ക്

LIBRARY ARCHIVES Kerala Legislative Assembly

(14) കെട്ടിടത്തെ സംബന്ധിച്ച് മാർഗ്ഗനിർദ്ദേശത്തിൽ പൂർണ്ണമായി ഉൾക്കൊള്ളാത്തതും എന്നാൽ താരതമ്യേന കൂടുതൽ തുക ചെലവാക്കിനിർമ്മിച്ചകെട്ടിടങ്ങൾക്ക് സമാനമായ സൗകര്യമുള്ള കെട്ടിടങ്ങളുമായി താര്യതമ്യപ്പെടുത്തി അനുയോജ്യമായ മാർക്ക്.

(ബി) സർക്കാർ നിയമിച്ച കമ്മറ്റിയാണ് മാനദണ്ഡങ്ങൾ നിശ്ചയിച്ചത്. റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധം I ആയി ചേർത്തിട്ടുണ്ട്. †

(സി) 75 കോളേജുകൾക്ക് അനുവാദം നൽകാൻ ഉദ്ദേശിക്കുന്നു. കോളേജുകളുടെ ലിസ്റ്റ് അനുബന്ധം II ആയി ചേർത്തിട്ടുണ്ട്. †

(ഡി) സമിതി മുമ്പാകെ നേർക്കാഴ്ച്ചക്ക് ഹാജരായ 141 അപേക്ഷകരിൽ ലിസ്റ്റിൽ ഉൾപ്പെടാത്ത ഏതാണ്ട് എല്ലാവരും തന്നെ സർക്കാരിൽ പരാതി നൽകുകയും ചില ഏജൻസികൾ ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്.

സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ—അനുവദിച്ചവയും നിർത്തിവച്ചവയും

142 [761] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്വാശ്രയ മേഖലയിൽ എത്ര എഞ്ചിനീയറിംഗ് കോളേജുകൾ, മെഡിക്കൽ കോളേജുകൾ, ഫാർമസി കോളേജുകൾ, എം. ബി. എ. കോളേജുകൾ, എം. സി. എ. കോളേജുകൾ, നഴ്സിംഗ് കോളേജുകൾ, ഹോട്ടൽ മാനേജ്മെന്റ് കോളേജുകൾ, പാരാ മെഡിക്കൽ വിഭാഗത്തിലുള്ള കോളേജുകൾ, ബി. എഡ്. കോളേജുകൾ, ടി. ടി. സി. ഇൻസ്റ്റിറ്റ്യൂട്ടുകൾ, പോളിടെക്നിക്കുകൾ, ലോ കോളേജ്, ഹയർ സെക്കണ്ടറി സ്കൂളുകൾ, വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകൾ എന്നിവ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ വിഭാഗത്തിൽപ്പെട്ട ഏതെങ്കിലും വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തനം ആരംഭിച്ച ശേഷം നിർത്തിവച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഏത് സ്ഥാപനമാണ് നിർത്തിയതെന്നും എന്തുകൊണ്ടാണെന്നും അറിയിക്കാമോ;

(ഡി) സംസ്ഥാനത്ത് ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സ്വകാര്യ മേഖലയിൽ എത്ര എൽ.പി. സ്കൂളുകൾ, യു.പി. സ്കൂളുകൾ, ഹൈസ്ക്കൂളുകൾ, ഹയർ സെക്കണ്ടറി സ്കൂളുകൾ, എന്നിവയ്ക്ക് അംഗീകാരം നൽകിയെന്നും എത്രയെണ്ണം അൺ-എയിഡഡിൽ നിന്നും എയിഡഡ് സ്ക്കൂളാക്കി മാറ്റി എന്നും അവ ഏതൊക്കെയാണെന്നും അറിയിക്കാമോ?

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly